നെല്ല് സംഭരണം

247 [1196] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെല്ല് സംഭരിച്ച എല്ലാ ഏജൻസികളിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

നെല്ല് സംഭരിച്ച ഏജൻസികളിൽനിന്നും അവർ എത്ര നെല്ല് സംഭരിച്ചിട്ടുണ്ട് എന്ന കണക്ക് 3-5-2005-നു മുൻപ് തരണമെന്ന് വിവിധ പത്രമാധ്യമങ്ങൾവഴി 2005 മേയ് മാസം 1-ന് പത്രപ്രസ്താവന നടത്തിയതിൻപ്രകാരം കോർപ്പറേഷന് കണക്ക് നൽകിയിട്ടുള്ള എല്ലാ ഏജൻസികളിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് ഏറ്റെടുത്തുവരികയാണ്.

വിനോദസഞ്ചാരികൾക്ക് പബ്ളിക് കംഫർട്ട്മെന്റ് സ്റ്റേഷനുകൾ

248 [1199] *ശ്രീ. സാജുപോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ടൂറിസം വകുപ്പിന്റെ കീഴിൽ എവിടെയെല്ലാം പബ്ളിക് കംഫർട്ട് സ്റ്റേഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിനോദസഞ്ചാരികൾക്ക് ടൂറിസം വകുപ്പ് എന്തെല്ലാം സൗകര്യങ്ങളാണ് ചെയ്തുകൊടുക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ കംഫർട്ട് സ്റ്റേഷനുകൾ നിലവിലില്ല. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും ഇത്തരം സൗകര്യങ്ങൾ ഒരുക്കാൻ ഡി. ടി. പി. സി.കൾക്ക് ടൂറിസം വകുപ്പ് ധനസഹായം നൽകുന്നുണ്ട്. കൊട്ടാരക്കര, ചങ്ങനാശ്ശേരി, ഗുരുവായൂർ എന്നീ ട്രാൻസ്പോർട്ട് ബസ്സ്റ്റാന്റുകളിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കോംപ്ലക്സുകൾ നിർമ്മിച്ച് സുലഭ് ഇന്റർനാഷണൽ എന്ന സന്നദ്ധസംഘടനയെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) വിവിധ ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ വികസനം, തെരുവുവിളക്കുകൾ സ്ഥാപിക്കൽ, വിവിധ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, ഖര-ദ്രവമാലിന്യ സംസ്കരണം, വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ മോടി പിടിപ്പിക്കൽ, ഗസ്റ്റ് ഹൗസ്, യാത്രിനിവാസ് മുതലായ താമസസൗകര്യങ്ങൾ ഒരുക്കുക, ടൂറിസം ഇൻഫർമേഷൻ സെന്ററുകൾവഴി വിവിധ സേവനങ്ങൾ ലഭ്യമാക്കുക, നമ്മുടെ സംസ്ഥാനത്തെക്കുറിച്ചും ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചും വിശദമായ വിവരങ്ങൾ, ബ്രോഷറുകൾ, സി. ഡി.കൾ ടൂറിസം വെബ്സൈറ്റ് എന്നിവ വഴി ലഭ്യമാക്കുക, ടൂറിസം പോലീസ്, ടൂറിസം ഗൈഡ് എന്നിവരുടെ സേവനം ലഭ്യമാക്കുക എന്നിവയാണ് വിനോദസഞ്ചാരികൾക്കുവേണ്ടി ചെയ്തുകൊടുക്കുന്ന സൗകര്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly